# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1703

16/06/2014ൽ മറുപടി
നൽകേണ്ടിയിരുന്നത്
<u>അന്തിമ മറുപടി</u>

### <u>പി.എസ്.സി. ലിസ്റ്റുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കാൻ നടപടി</u>

<u>ചോദ്യം</u> :

ശ്രീ. എം.എ. വാഹിദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ആർ.സെൽവരാജ്
ശ്രീ. ഷാഫി പറമ്പിൽ

<u>ഉത്തരം</u> :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തസ്തികകൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(എ)യും (ബി)യും (സി)യും (ഡി)യും (ഇ)യും

പ്രധാനപ്പെട്ട എല്ലാ തസ്തികകളിലും എപ്പോഴും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലൈവ് റാങ്ക് ലിസ്റ്റ് ഉണ്ടാകത്തക്ക രീതിയിലുള്ള സംവിധാനം ഒരുക്കുവാൻ സർക്കാർ പി.എസ്.സി.യോട് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിനായി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക്തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും എല്ലാ നിയമനാധികാരികൾക്കും 13.02.2014-ലെ സർക്കുലർ നമ്പർ 3943/ഉപ.സി3/14/ഉഭപവ പ്രകാരം വീണ്ടും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെലക്ഷൻ പ്രക്രിയയിൽ ഉൾപ്പെടുന്ന LDC, LGS, Assistant (Secretariat, PSC, LFAD, Advocate General Office etc.) എന്നീ തസ്തികകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽതന്നെ പുതിയ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ച് സെലക്ഷൻ നടപടികൾ പൂർത്തിയാക്കുന്നുണ്ട്. Uniformed Force ലേയ്ക്ക് വാർഷിക സെലക്ഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി എല്ലാ വർഷവും ജൂൺ മാസം വിജ്ഞാപനം പുറപ്പെടുവിച്ച് അടുത്ത വർഷം ജൂൺ മാസത്തിന് മുൻപായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിനായി 2014 ജൂൺ 12-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് തസ്തികകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ ആവിഷ്കരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ